GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Editor Farm News – Dr. Amritha V.S

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/09/2026

1. തിരുവല്ലം കെ- അഗ്ടെക് ലോഞ്ച് പാഡ് വെള്ളായണി കാർഷിക കോളജ് ഒക്ടോബർ 23ന് സംഘടിപ്പിക്കുന്ന ഏകദിന മൈക്രോഗ്രീൻ ഉത്പാദന പരിശീലന പരിപാടിയിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. കെ- അഗ്ടെക് ലോഞ്ച് പാഡിൽ വെച്ച് രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണി വരെ നടക്കുന്ന പരിശീലനത്തിൽ മൈക്രോഗ്രീൻസ് തയാറാക്കൽ, വിളവെടുപ്പ്, വിവിധ ഭക്ഷ്യവിഭവങ്ങളുടെ തയാറാക്കൽ, സംരംഭകത്വ സാധ്യതകൾ എന്നിവയിൽ പ്രായോഗിക പരിശീലനം നൽകും. പങ്കെടുക്കാൻ താല്പര്യം ഉള്ളവർ രജിസ്ട്രേഷൻ ഫീസ് ആയ 500 രൂപയടച്ച്

ഒക്ടോബർ 21 ന മുൻപായി രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് 9995624888 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

2. വയനാട് ജില്ലയിലെ സുൽത്താൻബത്തേരി മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് **'മുട്ടക്കോഴി വളർത്തൽ'** എന്ന വിഷയത്തിൽ സെപ്റ്റംബർ 23, 24 തിയ്യതികളിൽ പരിശീലനം സംഘടിപ്പിക്കുന്നു. പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ സെപ്റ്റംബർ 22 ന് വൈകുന്നേരം 3 മണിക്ക് മുൻപ് 04936 –297084 എന്ന ഫോൺ നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

3. കണ്ണൂർ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് **'വ്യവസായിക അടിസ്ഥാനത്തിലുള്ള പശു വളർത്തൽ'** എന്ന വിഷയത്തിൽ സെപ്റ്റംബർ 23, 24 തിയ്യതികളിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 0497 2763473 എന്ന നമ്പരിൽ ബന്ധപ്പെടുക.

4. റബ്ബർബോർഡിൻറെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെ മരുന്നുതളിക്കുന്നതിനുള്ള ആധുനികമാർഗങ്ങൾ, അതിനുപയോഗിക്കുന്ന സ്പ്രേയറുകളുടെയും ഡ്രോണുകളുടെയും ഉപയോഗം, പരിപാലനം എന്നിവയെക്കുറിച്ച് സെപ്റ്റംബർ 28–ന്

പരിശീലനം നൽകുന്നു. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 6238092175, 0481-2353127 എന്നീ ഫോൺനമ്പറുകളിൽ ബന്ധപ്പെടുകയോ റബ്ബർബോർഡ് വെബ് സൈറ്റായ www.rubberboard.gov.in സന്ദർശിക്കുകയോ ചെയ്യുക.

5. ഒന്നാം വിള ( വിരിപ്പ് ) വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ കർഷകരിൽ നിന്ന് ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. 2026 ഡിസംബർ 31 നകം കൊയ്ത്ത് പൂർത്തിയാകുന്ന എല്ലാ കർഷകരും സെപ്റ്റംബർ 30 നകം രജിസ്ട്രേഷൻ പൂർത്തിയാക്കണം. നേരിട്ടോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ www.supplycopaddy.in എന്ന വെബ് സൈറ്റിലൂടെയോ അപേക്ഷ സമർപ്പിക്കാം. ഓരോ പാട ശേഖരത്തിനും, നെല്ലിനത്തിനും, ഭൂമിരീതിക്കും വെവ്വേറേ അപേക്ഷകൾ സമർപ്പിക്കണം.

6. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ആഗസ്റ്റ് 15ന് ആരം ഭിച്ച കർഷക രജിസ്ട്രേഷൻ ഈ മാസം 30ന് അവസാനിക്കും. ഡിസംബർ 31 നകം കൊയ്ത്ത് പൂർ ത്തിയാക്കുന്ന കർഷകർ രജിസ് ട്രേഷൻ നടത്തണമെന്ന് സപ്ലൈ കോ അറിയിച്ചു. നേരിട്ടോ അക്ഷ യ കേന്ദ്രങ്ങൾ വഴിയോ www.supplycopaddy.in പോർട്ടലിലൂടെ അപേക്ഷ സമർപ്പിക്കാം